# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 283

13.03.2018 - ൽ മറുപടിക്ക്

## കുടുംബശ്രീ വിജിലന്റ് ഗ്രൂപ്പിന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ. റോജി എം. ജോൺ
ശ്രീ. അടൂർ പ്രകാശ്
ശ്രീ. അനിൽ അക്കര
ശ്രീ. ഐ. സി. ബാലകൃഷ്ണൻ

**മറുപടി**

ഡോ.കെ.ടി.ജലീൽ
(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച വിജിലന്റ് ഗ്രൂപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എ) ഉണ്ട്; സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ കണ്ടെത്തി പ്രതിരോധിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡുതലത്തിൽ രൂപീകരിച്ചിട്ടുള്ള 5 മുതൽ 10 വരെ അംഗങ്ങൾ ഉള്ള ഗ്രൂപ്പുകളാണ് വിജിലന്റ് ഗ്രൂപ്പുകൾ. ഇതിൽ സ്ത്രീകളും, പുരുഷൻമാരും ഉൾപ്പെട്ടിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിലാണ് വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിച്ച് തുടങ്ങിയത്. ഓരോ വാർഡിലേയും പ്രാദേശിക പ്രശ്നങ്ങളെ കണ്ടെത്തുകയും സഹായം നൽകുകയുമാണ് ചെയ്യുന്നത്. കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ ഈ ഗ്രൂപ്പിലുള്ളവരുടെ പരിശീലനവും വിലയിരുത്തൽ പ്രവർത്തനങ്ങളും നടന്നു വരുന്നു. കൂടാതെ ജനമൈത്രി പോലീസുമായി ചേർന്നും ഇവർക്കുള്ള പരിശീലനങ്ങൾ നടത്തിവരുന്നു.

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 17815 വാർഡുകളിൽ വിജിലന്റ് ഗ്രൂപ്പ് രൂപീകരണവും പരിശീലനങ്ങളും നടന്നിട്ടുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ ഓരോ ജില്ലയിലും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും സുരക്ഷിതമായ ഗാർഹികാന്തരീക്ഷവും സാമൂഹികാന്തരീക്ഷവും ഒരുക്കുക എന്ന ലക്ഷ്യം നേടുന്നതിനും ഇതിന്റെ പ്രവർത്തനത്തിലൂടെ കഴിഞ്ഞിട്ടുണ്ടോ ;വിശദമാക്കാമോ; | (ബി) | ഉണ്ട്; സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും, സുരക്ഷിതമായ ഗാർഹികാന്തരീക്ഷവും സാമൂഹികാന്തരീക്ഷവും ഒരുക്കുക എന്ന ലക്ഷ്യം നേടുന്നതിനും വിജിലന്റ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൊണ്ട് സാധ്യമാകുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങളെ പ്രാദേശികമായി തന്നെ കണ്ടെത്തി പരിഹരിക്കുന്നതിനും, അവരിൽ നിയമപരമായ അവബോധം സൃഷ്ടിക്കുന്നതിനും സാധിക്കുന്നു. കണ്ടെത്തുന്ന പ്രശ്നങ്ങൾക്ക് പഞ്ചായത്തുതല ജാഗ്രത സമിതി മുഖേനയോ സ്നേഹിത ജൻഡർ ഹെൽപ് ഡെസ്ക് മുഖേനയോ പരിഹാരം കണ്ടെത്തി വരുന്നു. തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ ഇവർ ടാസ്ക് ഫോഴ്സ് എന്ന പേരിൽ പ്രവർത്തിക്കുന്നു. |
| (സി) | കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള കമ്മ്യൂണിറ്റി കൗൺസിലർ മുഖേനയുള്ള ബോധവൽക്കരണ പരിപാടികൾ വിജയപ്രദമാണോ ;വ്യക്തമാക്കാമോ? | (സി) | കുടുംബശ്രീ അംഗങ്ങളായ വനിതകളിൽ നിന്നും വിദ്യാഭ്യാസ യോഗ്യതയുടേയും കുടുംബശ്രീ പ്രവർത്തന പരിചയത്തിന്റേയും അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട വനിതകളാണ് കമ്മ്യൂണിറ്റി കൗൺസിലേഴ്സ് ആയി ജോലി ചെയ്യുന്നത്. 2015 ലാണ് ഈ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. തിരഞ്ഞെടുക്കപ്പെട്ട 357 പേരാണ് ഇപ്പോൾ കമ്മ്യൂണിറ്റി കൗൺസിലേഴ്സ് ആയി സേവനം അനുഷ്ഠിക്കുന്നത്. ഗ്രൂപ്പ് കൗൺസിലിങ്ങും വ്യക്തിഗത കൗൺസിലിങ്ങും നൽകിവരുന്നു. സ്ത്രീകൾ, കൗമാരപ്രായക്കാർ, വയോജനങ്ങൾ, വിവാഹിതരാകാൻ പോകുന്ന യുവതീയുവാക്കൾക്കുള്ള വിവാഹ പൂർവ്വ കൗൺസിലിംഗ് തുടങ്ങി വിവിധ വിഭാഗങ്ങൾക്കുള്ള ക്ലാസുകളാണ് പ്രധാനമായും നൽകിവരുന്നത്.<br>വിവിധ വിഷയങ്ങളെ ആസ്പദമാക്കിയിട്ടുള്ള ക്ലാസ്സുകളും കമ്മ്യൂണിറ്റി കൗൺസിലർമാരുടെ നേതൃത്വത്തിൽ നടക്കുന്നു. ഇതോടൊപ്പം നിയമ സഹായം ഉൾപ്പെടെയുള്ള സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തിയും കേസുകൾ പരിഹരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ